**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 20

# വാർത്താക്കുറിപ്പ്

---

## പി ജി ഏകജാലകം: രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

പി.ജി. ഏകജാലകം രണ്ടാം അലോട്ട്മെന്റിൽ പുതതായി അലോട്ട്മെന്റ് ലഭിച്ചവർ ആഗസ്റ്റ് 23 ന് വൈകിട്ട് നാല് മണിക്ക് മുൻപായി നിശ്ചിത സർവ്വകലാശാല ഫീസ് ഒടുക്കി പ്രവേശനമെടുക്കേണ്ടതാണ്. സ്ഥിരപ്രവേശമാഗ്രഹിക്കുന്നവരും ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചവരും പ്രവേശനത്തിനായി നേരിട്ട് കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ് . താത്കാലിക പ്രവേശമെടുക്കുന്നവർ നിശ്ചിത സർവ്വകലാശാല ഫീസ് ഒടുക്കി മോഡ് ഓഫ് അഡ്മിഷൻ കൺഫേം ചെയ്ത് കോളേജുമായി ബന്ധപ്പെട്ട് പ്രവേശനം കൺഫേം ചെയ്യേണ്ടതാണ്. പ്രവേശാർത്ഥികൾ ആഗസ്റ്റ് 23 ന് വൈകിട്ട് നാല് മണിക്ക് മുൻപായി പ്രവേശനം നേടിയതിന്റെ കൺഫർമേഷൻ സ്ലിപ് ഡൌൺ ലോഡ് ചെയ്ത സൂക്ഷിക്കേണ്ടതാണ്. കൺഫർമേഷൻ സ്ലിപ് ഇല്ലാതെ പരാതികൾ സ്വീകരിക്കുന്നതല്ല. ഒന്നാം അലോട്ട്മെന്റിൽ താത്കാലിക പ്രവേശനം ലഭിച്ചവർക്ക് രണ്ടാം അലോട്ട്മെന്റിലും അതേ അലോട്ട്മെന്റ് സ്റ്റാറ്റസ് തന്നെയാണെങ്കിൽ അത്തരക്കാർ സ്ഥിരഃപ്രവേശം ആഗ്രഹിക്കുന്നുവെങ്കിൽ മാത്രം സ്ഥിരപ്രവേശം സെലക്ട് ചെയ്ത് കോളേജുകളിൽ ഹാജരായി പ്രവേശനം കൺഫേം ചെയ്യേണ്ടതാണ്. ഒന്നാം അലോട്ട്മെന്റിൽ താത്കാലിക പ്രവേശനം ലഭിച്ചവർ താത്കാലിക പ്രവേശനത്തിൽ തുടരാൻ ആഗ്രഹിക്കുവെങ്കിൽ ഒന്നും തന്നെ ചെയ്യേണ്ടതില്ല. വിശദവിവരങ്ങൾക്ക് ക്യാപ്പ് വെബ്പേജിൽ നൽകിയിരിക്കുന്ന വീഡിയോ ഡെമോ കാണാവുന്നതാണ്.

(പി.ആർ.ഒ./39/117 9/2022)

## അപേക്ഷ ക്ഷണിച്ചു.

മഹാത്മഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഫിലിം മേക്കിങ് പ്രോഗ്രാം, സ്കൂൾ ഓഫ് കെമിക്കൽ

സയൻസ് നടത്തുന്ന എം. ടെക് പോളിമർ സയൻസ് ആൻഡ് ടെക്നോളജി എന്നീ പ്രോഗ്രാമുകളിലേയ്ക്ക് അഡ്മിഷനു വേണ്ടിയുള്ള അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി ആഗസ്റ്റ് 31, 4 പി.എം. വിശദ വിവരങ്ങൾക്കു www.cat@mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0481 2733595 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക. ഇ-മെയിൽ: cat@mgu.ac.in

(പി.ആർ.ഒ./39/1180 /2022)

## സ്പോട്ട് അഡ്മിഷൻ

മഹാത്മഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എം.ടെക്. എനർജി സയൻസ് ആന്റ് ടെക്നോളജി കോഴ്സിലേക്കും സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എം.ടെക് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി കോഴ്സിലേക്കും ഒഴിവുള്ള സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താത്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 23 ന് രാവിലെ 10 മണിക്ക് സർവ്വകലാശാലയിലെ വകുപ്പ് ഓഫീസിൽ എത്തുക. കൂടുതൽ വിവരങ്ങൾക്ക് materials@mgu.ac.in എന്ന ഇ-മെയിൽ വഴി ബന്ധപ്പെടുക.

(പി.ആർ.ഒ./39/118 1/2022)

## പരീക്ഷ മാറ്റി

ആഗസ്റ്റ് 24ന് ആരംഭിക്കുവാനിരുന്ന നാലാം സെമസ്റ്റർ എം.എസ്.ഡബ്ല്യൂ പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ./39/1182 /2022)

## പുതുക്കിയ പരീക്ഷാ തീയതി

ഓഗസ്റ്റ് 1,3,5 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന അഫീലിയേറ്റഡ് കോളേജുകളുടെ അഞ്ചാം സെമെസ്റ്റർ ത്രിവത്സര യൂനിറ്ററി എൽ. എൽ. ബി (2019 അഡ്മിഷൻ - റെഗുലർ /2018 അഡ്മിഷൻ - സപ്പ്ളിമെന്ററി) ബിരുദ പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 12, 14, 16 തീയതികളിൽ നടക്കും. പരീക്ഷ കേന്ദ്രങ്ങളിൽ മാറ്റമില്ല.

(പി.ആർ.ഒ./39/118 3/2022)

## പ്രാക്ടിക്കൽ പരീക്ഷ പുതുക്കിയ തീയതി

രണ്ടാം സെമസ്റ്റർ ബി.വോക്. ഡിഗ്രി ഫാഷൻ ഡിസൈനിങ് ആൻഡ് മാനേജ്മെന്റ് /ഫാഷൻ ടെക്നോളജി ആൻഡ് മെർച്ചന്റയിസിംഗ് (ന്യൂ സ്കീം -2020 അഡ്മിഷൻ - റെഗുലർ, 2019 & 2018 അഡ്മിഷൻ - റീ-അപ്പീയറൻസ് / ഇമ്പ്രൂവ്മെന്റ്) ജൂലൈ 2022 ൻറെ മാറ്റിവച്ച പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 30 ന് എം. ഇ. എസ്. കോളേജ് മാറമ്പള്ളിയിൽ വച്ച് നടത്തുന്നതാണ്. വിശദമായ ഷെഡ്യൂൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1184 /2022)

## പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം സെമസ്റ്റർ എം.എസ്.സി. സുവോളജി സി.എസ്.എസ് (2021 അഡ്മിഷൻ - റെഗുലർ/2020 അഡ്മിഷൻ - ഇംപ്രൂമെൻറ്, 2020 & 2019 അഡ്മിഷൻ സപ്ലിമെൻററി) ബിരുദപരീക്ഷ ജൂലൈ 2022 ൻറെ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 22 മുതൽ 31 വരെ വിവിധ കേന്ദ്രങ്ങളിൽ വച്ച്നടത്തുന്നതാണ്. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ

(പി.ആർ.ഒ./39/1185 /2022)

ഒന്നാം സെമസ്റ്റർ എം.എസ്.സി. ആർട്ടിഫിഷ്യൽ ഇൻറലിജൻസ് - സി.എസ്.എസ്.( 2021 അഡ്മിഷൻ - റെഗുലർ/ 2020 അഡ്മിഷൻ - ഇംപ്രൂവ്മെൻറ്/ 2020 & 2019 അഡ്മിഷൻ - സപ്ലിമെൻററി ) - ജൂലൈ 2022 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 31 സെപ്റ്റംബർ 1 തീയതികളിൽ അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ./39/118 6/2022)

ഒന്നാം സെമസ്റ്റർ എം.എസ്.സി. ജിയോളജി സി.എസ്.എസ് -(2021 അഡ്മിഷൻ - റെഗുലർ/ 2020 അഡ്മിഷൻ - ഇംപ്രൂമെൻറ്, 2020 & 2019 അഡ്മിഷൻ സപ്ലിമെൻററി) ബിരുദ പരീക്ഷ ജൂലൈ 2022 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 22, 23 തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ

(പി.ആർ.ഒ./39/118 7/2022)

രണ്ടാം വർഷ ബി. എസ്. സി നഴ്സിംഗ് (2012-2015 അഡ്മിഷൻ - സപ്പ്ളിമെന്ററി / 2010-2011 അഡ്മിഷൻ - ഫസ്റ്റ് മേഴ്സി ചാൻസ്, 2007-2009 അഡ്മിഷൻ - സെക്കന്റ് മേഴ്സി ചാൻസ്) മെയ് 2022 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 26 മുതൽ നടത്തുന്നതാണ്. വിശദമായ ഷെഡ്യൂൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/118 8/2022)

ഒന്നാം സെമെസ്റ്റർ എം.എസ്.സി. ബയോ കെമിസ്ട്രി - സി എസ്. എസ് (2021 അഡ്മിഷൻ - റെഗുലർ /2020 അഡ്മിഷൻ - ഇമ്പ്രൂവ്മെന്റ്, 2020 & 2019 അഡ്മിഷൻ - സപ്പ്ളിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 22 മുതൽ അതത് കോളേജുകളിൽ വച്ചു നടത്തുന്നതാണ്. വിശദമായ ഷെഡ്യൂൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1189/2022)

ഒന്നാം സെമസ്റ്റർ എം.എസ്.സി. ഐ.റ്റി (സി.എസ്.എസ് )- (2021 അഡ്മിഷൻ - റെഗുലർ/ 2020 അഡ്മിഷൻ - ഇംപ്രൂമെൻറ്, 2020 & 2019 അഡ്മിഷൻ - സപ്ലിമെൻററി) ജൂലൈ 2022 ൻറെ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 31 ന് കോന്നി വി.എൻ.എസ്. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസസിൽ വച്ച് നടത്തുന്നതാണ്. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1190/2022)

ഒന്നാം സെമസ്റ്റർ എം.എസ്.സി - സി.എസ്.എസ് - (2021 അഡ്മിഷൻ - റെഗുലർ/ 2020 അഡ്മിഷൻ - ഇംപ്രൂമെൻറ്, 2020 & 2019 അഡ്മിഷൻ - സപ്ലിമെൻററി - അഭിലിയെറ്റഡ് കോളേജിലെ വിദ്യാർത്ഥികൾക്ക് മാത്രം) ബിരുദപരീക്ഷ ജൂലൈ 2022 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ്/ സെപ്റ്റംബർ മാസങ്ങളിലായി ബന്ധപ്പെട്ട കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ഷെഡ്യൂൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1191/2022)

## പരീക്ഷാ ഫലം

2022 ഏപ്രിലിൽ നടന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആൻഡ് ഇൻഫോർമേഷൻ സയൻസ് (2020 അഡ്മിഷൻ പി.ജി.സി.എസ്.എസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം. അപേക്ഷ ഫോം സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്

(പി.ആർ.ഒ./39/1192/2022)

2022 ഏപ്രിലിൽ നടന്ന രണ്ടാം സെമസ്റ്റർ ത്രിവത്സര എൽ. എൽ. ബി (ഈവനിംഗ് ബാച്ച്) സപ്പ്ളിമെന്ററി, മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് സെപ്റ്റംബർ അഞ്ച് വരെ അപേക്ഷിക്കാം. അപേക്ഷ ഫോം സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്

(പി.ആർ.ഒ./39/1193/2022)

അനിൽകുമാർ ജി.
പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)